(ഡി) ഒരു കേരഗ്രാമത്തിന് 500 ഹെക്ടർ എന്ന കണക്കിൽ 26 പഞ്ചായത്തുകളിലായാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചതെങ്കിലും നാളികേര കൃഷി വിസ്തൃതി കൂടുതൽ ഉള്ള പഞ്ചായത്തുകളിൽ തൊട്ടടുത്ത പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി ആകെ 50 പഞ്ചായത്തുകളിലായി പദ്ധതി നടപ്പിലാക്കിവരുന്നു.

**പദ്ധതി നിർവ്വഹണത്തിലെ പരിഷ്കാരങ്ങൾ**

**26 (*296)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൊത്തം പദ്ധതി അടങ്കൽ തുകയുടെ 57.01 ശതമാനം മാത്രമാണ് 2013-14-ലും 47.32 ശതമാനം മാത്രമാണ് 2012-13-ലും ചെലവഴിച്ചതെന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകനം 2014 രേഖപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പദ്ധതിച്ചെലവ് ഇത്രകണ്ട് കുറയുവാനുള്ള സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഈ സർക്കാർ കൊണ്ടുവന്ന പരിഷ്കാരങ്ങൾ പരാജയപ്പെട്ടുവെന്ന് കരുതുന്നുണ്ടോ ;

(ഡി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പദ്ധതിവിനിയോഗത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്.

(ബി) പദ്ധതിച്ചെലവിൽ കുറവ് വന്നിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2013-14-ൽ മൊത്തം അടങ്കൽ തുകയായ 1068126.30 രൂപയിൽ പദ്ധതി വിഹിതമായി (വികസന ഫണ്ട്) 505759.29 ലക്ഷം രൂപ അനുവദിച്ചതിൽ 391827.80 ലക്ഷം രൂപ (77.47%) ചെലവഴിക്കുകയും എന്നാൽ 2012-13-ൽ ഇവ യഥാക്രമം 387032.93 ലക്ഷം രൂപയും 274167.45 ലക്ഷം രൂപയും (70.84%) ചെലവഴിക്കുകയും ചെയ്തു. പദ്ധതിച്ചെലവ് 2012-13 വർഷത്തെ അപേക്ഷിച്ച് 2013-14-ൽ 6.63 ശതമാനം കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരാജയപ്പെട്ടുവെന്ന് കരുതുന്നില്ല. പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ കാലാകാലങ്ങളിൽ ഫലപ്രാപ്തിയും നിർവ്വഹണ സൗകര്യവും പരിശോധിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നുണ്ട്.

(ഡി) ബാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ബഡ്ജറ്റിലൂടെ വക കൊള്ളിച്ച തുക കഴിഞ്ഞവർഷം മുഴുവനും വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം മൂന്ന് തവണകളായാണ് വികസന ഫണ്ട് അനുവദിക്കുന്നത്. ആദ്യതവണ അനുവദിച്ചുകഴിഞ്ഞു.

**ആശ്രയ പദ്ധതി**

**27 (*297)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശ്രയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സഹായങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്. സംസ്ഥാനത്ത് 2002-03 സാമ്പത്തിക വർഷമാണ് ആശ്രയ പദ്ധതി നിലവിൽ വന്നത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരും, അടിസ്ഥാന ജീവിത സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും സാമൂഹ്യമായി ബഹിഷ്കൃതരും പാർശ്വവൽക്കരിക്കപ്പെട്ടവരും യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സൂതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ (Destitute Identification and Rehabilitation Programme). അടിസ്ഥാന സൗകര്യ വികസനം, അതി ജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ



LIBRARY ARCHIVES Kerala Legislative Assembly